(എ) 1955-56-ൽ പൊതുമരാമത്തു വകുപ്പു് അനുവദിച്ചിട്ടുള്ള തുക എത്ര ;

(ബി) 1955 നവംബർവരെ മൊത്തം ചെലവായ തുക എത്ര ;

(സി) വേണ്ടുവോളം സ്റ്റാഫും ഉപകരണങ്ങളും സപ്ലൈ ചെയ്തു കൊണ്ടു് വേണ്ടുവോളം ജോലികൾ നടക്കുന്നില്ലെന്നു സർക്കാർ കരുതുന്നുണ്ടോ ;

(ഡി) കരുതുന്നുണ്ടെങ്കിൽ എന്തു പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടു് ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 6,72,81,000. ക.
(ബി) 94,56,481 ക. 7 ണ. 1 സ.
(സി) ഇല്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

റോഡുകളും പാലങ്ങളും.

* 952. [30] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനു് വേണ്ടി 1955.56 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റു ചെയ്തിരുന്ന തുക എത്രയെന്നാണു് ;

(ബി) ഈ ഇനത്തിൽ തുക ചെലവാക്കപ്പെട്ട (11-11-1955 വരെ) തുകയെന്താണു് ;

(സി) നെടുമങ്ങാട്ടു താലൂക്കിൽ ഈ ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിക്കപ്പെട്ടു ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണു് ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഫെറി, കനാൽ എന്നിവ ഉൾപ്പെടെ 2,13,37,000 ക.
(ബി) 50,99,726 ക.
(സി) 24,660 ക.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

റിപ്പോർട്ടർ നിയമനത്തിനുള്ള മത്സരപരീക്ഷ.

* 953. [33] ശ്രീ. ടി. ടി. കേശവൻ മാസ്റ്റർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ലജിസ്ലേച്ചർ സെക്രട്ടറിയറ്റിൽ മലയാളം റിപ്പോർട്ടറെ താൽക്കാലികമായി നിയമിക്കുന്നതിനു് പി. എസ്സു്. സി. ഒരു മത്സര പരീക്ഷ നടത്തുകയുണ്ടായോ ;

(ബി) എത്ര അപേക്ഷകർ ഉണ്ടായിരുന്നു ;

(സി) എത്രപേർ പരീക്ഷയിൽ സംബന്ധിച്ചു ;

(ഡി) ഏതെങ്കിലും പാസ്സായതായി അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly